# Malayala Manorama

# 16 August 2018

# Pizhala: Flood, Flood victims, Isolated

# വെള്ളപ്പാച്ചിലിൽ ഒറ്റപ്പെട്ടു പിഴല

## വെള്ളപ്പാച്ചിൽ, ശക്തമായ അടിയൊഴുക്ക്; ചങ്ങാട സർവീസുകൾ നിർത്തി

ിഴല ● ഇടമലയാർ, ഇടുക്കി ഡാമുകൾ തുറന്നതോടെ പെരിയാറിലെ വെള്ളപ്പാച്ചിലിൽ ഒറ്റപ്പെ ു കടമക്കുടിയിലെ പിഴല ദ്വീപ്.

പെരിയാറിൽ വെള്ളത്തിന്റെ അളവ് ഉയർന്നതും അതിശക്ത ായ അടിയൊഴുക്കുംമൂലം ചങ്ങാ സർവീസുകൾ നിർത്തേണ്ടി വന്നതോടെയാണു പിഴല ദ്വീപ് ഒറ്റപ്പെട്ടത്. അനുബന്ധ ദ്വീപുകളാ ചെറിയകടമക്കുടി, പാലിയം തുരുത്ത് എന്നിവിടങ്ങളിലുള്ളവ ും പുറത്തിറങ്ങാൻ കഴിയാതെ കുടുങ്ങി.

ഇന്നലെ രാവിലെ ജോലിക്കാ യും വിദ്യാലയങ്ങളിലേക്കും പോ യവരിൽ പലർക്കും കൃത്യസമയ ത്തു വീടുകളിലേക്കു തിരികെ എത്താൻ കഴിഞ്ഞില്ല. കുത്തി ഒഴുകുന്ന പുഴ മുറിച്ചു കടക്കാൻ ഭയ ന്നവർ ബന്ധുക്കളുടെയും സുഹൃ ത്തുക്കളുടെയും വീടുകളിൽ അഭ യം തേടി. ഉച്ചയോടെ തന്നെ വി ദ്യാലയങ്ങൾക്ക് അവധി പ്രഖ്യാ പിച്ചെങ്കിലും കുട്ടികൾക്കു തിരി കെ വീട്ടിലേക്കു പോകാൻ സൗക ര്യം ഇല്ലാതിരുന്നതും ആശങ്ക പര ത്തി. പിന്നീടു പഞ്ചായത്ത് അധികൃതരും നാട്ടുകാരും ഇടപെട്ടതോടെ ജലഗതാഗത വകുപ്പിന്റെ ബോട്ട് എത്തിയാണു വിദ്യാർഥികളെ പിഴലയിലേക്ക് എത്തിച്ചത്.

വൈകിട്ട് കോതാട്-പിഴല കടവിലെ രണ്ടു ചങ്ങാട സർവീസുകൾ പുനരാരംഭിച്ചു. എന്നാൽ ഒഴുക്ക് ശക്തമായാൽ ചങ്ങാട സർവീസ് തുടർന്നു നടത്താൻ കഴിയില്ലെന്നതു നാട്ടുകാരെ ആശങ്കയിലാക്കുന്നുണ്ട്. രാത്രിയിൽ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ പോലും പുറംലോകത്തേക്കു പോകാൻ കഴിയില്ലെന്നതും ആശങ്ക വർധിപ്പിക്കുന്നു.

വെള്ളം ഉയരുന്ന സാഹചര്യത്തിൽ പിഴലയിലേക്കുള്ള യാത്രാസൗകര്യം ഉറപ്പാക്കുമെന്നു കലക്ടറുടെ അധ്യക്ഷതയിൽ മുമ്പു ചേർന്ന യോഗത്തിൽ ഉറപ്പു ലഭിച്ചിരുന്നെങ്കിലും ക്രമീകരണങ്ങൾ കൃത്യമായി നടത്താതിരുന്നതു തിരിച്ചടിയായി.

ആയിരത്തിലേറെ കുടുംബങ്ങളാണു പിഴലയിലും അനുബന്ധ ദ്വീപുകളിലുമായി താമസിക്കുന്നത്. കടമക്കുടി പഞ്ചായത്തിനു കീഴിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം, പഞ്ചായത്ത്, വില്ലേജ് ഓഫിസുകൾ, മൃഗാശുപത്രി തുടങ്ങിയവയെല്ലാം പ്രവർത്തിക്കുന്നതു പിഴലയിലാണ്. വെള്ളം ഉയർന്നതോടെ വിവിധ ആവശ്യങ്ങൾക്കായി പിഴലയിലേക്കു പോകുന്നവരും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.



പെരിയാറിലെ ശക്തമായ വെള്ളപ്പാച്ചിലിൽ കടമക്കുടിയിലെ പിഴല ദ്വീപിലേക്കുള്ള ചങ്ങാട സർവീസ് നടത്തുന്നു. പിന്നീടു സർവീസുകൾ നിർത്തിവച്ചു.